**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1447** **10-10-2024 - ൽ മറുപടിയ്ക്ക്**

**തൊഴിൽ നിയമങ്ങൾ പാലിക്കുന്നത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി. എച്ച്. കുഞ്ഞമ്പു** | | **ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ സ്വകാര്യ പൊതുമേഖലാ സഹകരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള വിവിധ സ്ഥാപനങ്ങളിൽ തൊഴിൽ നിയമങ്ങൾ കൃത്യമായി പാലിക്കുന്നുണ്ടോയെന്ന് ഉറപ്പാക്കുന്നതിന് എന്തൊക്കെ ക്രമീകരണങ്ങളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | തൊഴിൽ വകുപ്പിലെ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ അവരുടെ അധികാര പരിധിയിലുള്ള സ്ഥാപനങ്ങളിൽ കൃത്യമായി പരിശോധനകൾ നടത്തി വരുന്നു. കൂടാതെ ജില്ലാ ലേബർ ഓഫീസർ, അസിസ്റ്റന്റ് ലേബർ ഓഫീസർമാരുമായി ചേർന്ന് സ്ക്വാഡ് പരിശോധന നടത്തി തൊഴിൽ നിയമ ലംഘനങ്ങൾ ശ്രദ്ധയിൽപ്പെടുന്ന പക്ഷം നിയമ നടപടികൾ സ്വീകരിക്കാറുണ്ട്. ഇതു കൂടാതെ വിവിധ സ്ഥാപനങ്ങളിൽ സെൻട്രലൈസ്ഡ് ഇൻസ്പെക്ഷൻ സിസ്റ്റം മുഖേനയും പരിശോധനകൾ നടത്തി വരികയും നിയമലംഘനങ്ങൾ പരിഹരിക്കുന്നതിന് വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരമുള്ള നോട്ടീസുകൾ നൽകുകയും പരിഹരിക്കാത്ത സ്ഥാപനങ്ങൾക്കെതിരെ ക്ലെയിം പെറ്റീഷൻ, പ്രോസിക്യൂഷൻ നടപടികളും സ്വീകരിച്ച് വരുന്നുണ്ട്. |
| (ബി) | തൊഴിലാളികളുടെ തൊഴിലിടങ്ങളിലെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും അതുമായി ബന്ധപ്പെട്ട പരാതികൾ സ്വീകരിക്കുന്നതിനും കമ്മിറ്റി നിലവിലുണ്ടോ; വിശദമാക്കാമോ? | (ബി) | നിർമ്മാണ മേഖലയിൽ ജോലി ചെയ്യുന്നവരുടെ സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നതിനായി തൊഴിൽ വകുപ്പ് എൻഫോഴ്സ്മെന്റ് വിഭാഗം ടി മേഖല കേന്ദ്രീകരിച്ച് നിശ്ചിത ഇടവേളകളിൽ Building and Other Construction Workers Act 1996 പ്രകാരമുള്ള പരിശോധനകൾ നടത്തുകയും തൊഴിലാളികൾക്ക് ടി നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരമുള്ള സുരക്ഷാ സംവിധാനങ്ങൾ കരാറുകാരും തൊഴിലുടമകളും ലഭ്യമാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നുമുണ്ട്. നിയമലംഘനങ്ങൾക്കെതിരെ നിയമ പ്രകാരമുള്ള തുടർനടപടികളും സ്വീകരിച്ചു വരുന്നുണ്ട്. ടി ആക്ട് പ്രകാരം സർക്കാർ തലത്തിൽ രൂപീകരിച്ച എക്സ്പർട്ട് കമ്മിറ്റിയും നിലവിലുണ്ട്.<br><br>സ്ഥാപനങ്ങളിലെ വനിതാ ജീവനക്കാരുടെ സുരക്ഷയെ മുൻനിർത്തി പോഷ് ആക്ട് 2013 (Preventation of Sexual harassment against Women at Workplace Act 2013) അനുസരിച്ച് |

| | | | |
|---|---|---|---|
| | | | പത്തോ അതിലധികമോ ജീവനക്കാരുള്ള സ്ഥാപനങ്ങളിൽ ഇന്റേണൽ കംപ്ലയിന്റ് കമ്മിറ്റി രൂപീകരിച്ച് www.posh.wcd.kerala.gov.in എന്ന പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നതിന് തൊഴിലുടമകൾക്കും സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. തൊഴിൽ വകുപ്പ് നടത്തുന്ന പരിശോധനകളിലും ആയത് പരിശോധിച്ചുവരുന്നുണ്ട്. കൂടാതെ Internal Complaint Committee/Local Committee മുമ്പാകെ വരുന്ന പരാതികളുടെയും തീർപ്പാക്കലുകളുടെയും വിവരശേഖരണവും ആനുവൽ റിപ്പോർട്ട് എന്നിവയും പോർട്ടലിൽ രേഖപ്പെടുത്തുന്നുണ്ട്. തൊഴിലാളി-തൊഴിലുടമകൾക്കിടയിൽ പോഷ് ആക്ട്-2013 സംബന്ധിച്ച് ബോധവൽക്കരണവും നടത്തുന്നു. |

സെക്ഷൻ ഓഫീസർ